**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2373**

**05/02/2018 ൽ മറുപടിക്ക്**

## സെറിഫെഡിന് കീഴിലുള്ള സിൽക്ക് റീലിംഗ് യൂണിറ്റുകളുടെ പ്രവർത്തനം

**ചോദ്യം**
**ശ്രീ.അനിൽ അക്കര**

**ഉത്തരം**
**ശ്രീ.എ.സി.മൊയ്തീൻ**
**(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സെറിഫെഡിന്റെ കീഴിലുള്ള കാസർഗോഡ് ജില്ലയിലെ ഉദുമ മൈലാട്ടി സിൽക്ക് റീലിംഗ് യൂണിറ്റിന്റെയും ആലപ്പുഴ പട്ടണക്കാട് സിൽക്ക് റീലിംഗ് യൂണിറ്റിന്റെയും പ്രവർത്തനം 2016 മുതൽ നിശ്ചലമാണെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; ആയതിനുള്ള കാരണം വ്യക്തമാക്കുമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; സെറിഫെഡിന്റെ ലിക്വിഡേഷനെതിരേയുള്ള കേസിന്റെ കോടതി വിധിയെ തുടർന്ന് സെറിഫെഡ് പുനർ രൂപീകരണത്തിന് ഉത്തര വാകുകയും കാസർഗോഡ് ജില്ലയിലെ ഉദുമ, മൈലാട്ടി സിൽക്ക് റീലിംഗ് യൂണിറ്റിന്റെയും ആലപ്പുഴ പട്ടണക്കാട് സിൽക്ക് റീലിംഗ് യൂണിറ്റിന്റെയും നടത്തിപ്പ് ചുമതല സർക്കാർ ഉത്തരവ് പ്രകാരം ഖാദി ബോർഡിൽ നിന്നും സെറിഫെഡിന് 20/01/2016 ൽ കൈ മാറിയിട്ടുണ്ട്. തുടർന്ന് സെറിഫെ ഡിന്റെ പ്രവർത്തനങ്ങൾ നിർജ്ജീവ മാകുകയും സാമ്പത്തിക ബാധ്യത നിമിത്തം പ്രസ്തുത യൂണിറ്റുകൾ പ്രവർത്തിപ്പിക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിലെ തൊഴിലാളി കൾക്ക് എന്ന് മുതലുള്ള വേതനമാണ് കുടിശ്ശികയായിട്ടുള്ളത് ; | (ബി) | കാസർഗോഡ് ജില്ലയിലെ ഉദുമ, മൈലാട്ടി സിൽക്ക് റീലിംഗ് യൂണിറ്റിൽ 2016 മാർച്ച് മാസം വരെ ഖാദി ബോർഡ് വേതനം നൽകിയിരുന്നു. ശേഷം സെറിഫെഡിന് കീഴിൽ 2016 ഏപ്രിൽ മാസം മുതലും, ആലപ്പുഴ പട്ടണക്കാട് സിൽക്ക് റീലിംഗ് യൂണിറ്റിൽ 2016 ഫെബ്രുവരി മാസം മുതലുമുള്ള വേതനമാണ് കുടിശ്ശികയായിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | 2016 ന് ശേഷം പ്രസ്തുത തൊഴിലാളികൾക്ക് എന്തെങ്കിലും ആനുകൂല്യം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ; | (സി) | ഉണ്ട്; 2016 ലും 2017 ലും ഓണത്തിന് ഉത്സവബത്ത നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത യൂണിറ്റുകൾ പുനരാരംഭിക്കുന്നതിനും കുടിശ്ശിക ശമ്പളം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | (ഡി) | കേരള സ്റ്റേറ്റ് സെറികൾച്ചർ കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ലിമിറ്റഡിന്റെ (സെറീഫെഡ്) പുനസംഘടന സാധ്യമാകുന്ന മുറയ്ക്ക് പ്രസ്തുത യൂണിറ്റുകൾ പുനരാരംഭിക്കുന്നതും കുടിശ്ശിക ശമ്പളം അനുവദിക്കുന്നതും സംബന്ധിച്ച കാര്യങ്ങൾ പരിഗണിക്കാനാകൂ. |

**സെക്ഷൻ ഓഫീസർ**